**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1863** **02-02-2024 - ൽ മറുപടിയ്ക്ക്**

**മൃഗാശുപത്രികളുടെ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ഓൺലൈൻ സേവനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ഓൺലൈൻ സേവനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൃഗാശുപത്രികളിൽ നിന്നും, വകുപ്പിന്റെ മറ്റു സ്ഥാപനങ്ങളിൽ നിന്നും, പൊതു ജനങ്ങൾക്കും കർഷകർക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിലും, ആയാസ രഹിതമായും സേവനങ്ങൾ ലഭ്യമാവുന്ന തരത്തിൽ മൃഗാശുപത്രികളുടെ സേവനം മെച്ചപ്പെടുത്തുന്നതിന്റെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി മൃഗ സംരക്ഷണ വകുപ്പ് ഇ-സമൃദ്ധ എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരികയാണ്. കേരളത്തിലെ മൃഗസംരക്ഷണ, വെറ്ററിനറി പ്രവർത്തനങ്ങളുടെ എല്ലാ വശങ്ങളും സംയോജിപ്പിക്കാനാണ് ഇ-സമൃദ്ധ പദ്ധതി ലക്ഷ്യമിടുന്നത്.<br><br>**സംസ്ഥാനത്തെ എല്ലാ മൃഗങ്ങളുടെയും ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ സൂക്ഷിക്കുകയും ടി വിവരങ്ങൾ കർഷകർ, വെറ്ററിനറി ഡോക്ടർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, എക്സ്റ്റൻഷൻ ഓഫീസർമാർ, വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികൾ എന്നിവർക്ക് എളുപ്പത്തിൽ ലഭ്യമാവുകയും ചെയ്യുന്നു. ജന്തുജന്യ രോഗ സംബന്ധമായ പൊതുജനാരോഗ്യ ആശങ്കകൾ പരിഹരിക്കാനും, പാൽ, മുട്ട, ഇറച്ചി മുതലായവയുടെ ഉറവിടം കണ്ടുപിടിക്കാനുതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കാനും, ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളെയും സ്മാർട്ട് മൃഗാശുപത്രികളാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ടി പദ്ധതിയുടെ ഭാഗമായുള്ള സോഫ്റ്റ് വെയറിന്റെ ആദ്യ ഘട്ട മൊഡ്യൂളുകൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്, ട്രയൽ റൺ കടപ്പനക്കുന്ന് മൾട്ടി സെപ്ഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ പുരോഗമിക്കുന്നു.** |

| | | | |
|---|---|---|---|
| (ബി) | ഇതിനായി മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (ബി) | മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടില്ല. മൃഗ ചികിത്സാ സംബന്ധമായ സേവനങ്ങൾ പൊതുജനങ്ങൾക്കും കർഷകർക്കും ഓൺലൈനായി മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും ചികിത്സാ സംബന്ധമായ രേഖകളും അനുബന്ധ സർട്ടിഫിക്കറ്റുകളും ഓൺ ലൈനായി തന്നെ ലഭ്യമാകുന്ന തരത്തിലുമുള്ള മൊബൈൽ ആപ്ലിക്കേഷനും ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ